**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**<u>ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1727** **04/12/2018-ൽ മറുപടിക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.എ.അഹമ്മദ് കബീർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | ഇക്കഴിഞ്ഞ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ അടക്കം നിലവിൽ നമ്മുടെ സംസ്ഥാനത്ത് പാടെ തകർന്ന ഗ്രാമീണ റോഡുകളെ പുനരുദ്ധാരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് നിയമസഭാ സാമാജികർ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) യും (സി) യും | നിയമസഭാ സാമാജികർ നൽകിയ നിവേദനങ്ങൾ കൂടി പരിഗണിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>മഴക്കെടുതിയെ തുടർന്ന് അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ തനത് ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഇത് കൂടാതെ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ടി കേടുപാടുകൾ പരിഹരിക്കുന്നതിന് നഗരസഭ/ പഞ്ചായത്ത് അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം കാറ്റഗറി തിരിച്ച് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് (റോഡ്, പാലം എന്നിവയുടെ )തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് റോഡുകളുടേതിന് തുല്യമായ ഗ്രാമീണ റോഡുകളെ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ശ്രമിക്കുമോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | റോഡ് കാറ്റഗറി I - മഴക്കെടുതി കാരണം ഗതാഗതം പൂർണ്ണമായും സ്തംഭിച്ച് ഗതാഗത യോഗ്യമല്ലാതായി തീർന്ന (നശിച്ച് പോയ)റോഡ്, കലുങ്ക്, പാലങ്ങൾ എന്നിവ(മുൻപ് ഹെവി ലോഡഡ് വെഹിക്കിൾസ് -ബസ്, ടിപ്പർ, ലോറി മുതലായവ സഞ്ചരിച്ചിരുന്നവ എന്ന നിലവിൽ ഗതാഗതം നിഷേധിച്ചിരിക്കുന്നത്)<br><br>റോഡ് കാറ്റഗറി II - മഴക്കെടുതി കാരണം ഗതാഗത യോഗ്യമല്ലാതാവുകയും എന്നാൽ റീ സർഫേസിംഗ് ആവശ്യമായ റോഡുകൾ<br><br>റോഡ് കാറ്റഗറി III - മഴക്കെടുതി കാരണം നശിച്ചെങ്കിലും എന്നാൽ ഓർഡിനറി/റുട്ടീൻ (Routine) മെയിന്റനൻസിലൂടെ പൂർവ്വസ്ഥിതിയിലാക്കാൻ സാധ്യമായവ.<br><br>മേൽപ്രകാരമുള്ള ടി കാറ്റഗറികളിൽ ഉദ്ദേശം 1544.49 കോടി രൂപ ആവശ്യമുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| (ഡി) | ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായുള്ള പദ്ധതി സർക്കാറിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ